# പതിമൂന്നാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2014-2016)

### പതിമൂന്നാമത് റിപ്പോർട്ട്

**(ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)**

(2014 ജൂലൈ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**

**(2014-2016)**

**പതിമൂന്നാമത് റിപ്പോർട്ട്**

**(ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)**

1126/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2014-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. എം. എ. ബേബി, എം.എൽ.എ.

ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.

ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.

ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.

ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.

ശ്രീ. കെ. രാജു, എം.എൽ.എ.

ശ്രീ. എ. കെ. ശശീന്ദ്രൻ, എം.എൽ.എ.

ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ.

ശ്രീ. എം. ഉമ്മർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി കെ. രാധാമണി, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശാന്തകുമാർ, എസ്., അണ്ടർ സെക്രട്ടറി.

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ജൂലൈ മാസം 9-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജൂലൈ 15.

# റിപ്പോർട്ട്

ജീവന്റെ നിലനിൽപ്പിനാധാരമായ അവശ്യ ഘടകമാണ് ഭക്ഷണം. 'അന്നം തന്നെയാണ് ബ്രഹ്മം' എന്ന ചൊല്ലിൽ നിന്നും മനുഷ്യ നിലനിൽപ്പിനടിസ്ഥാനമായ ഭക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാണ്. അതുകൊണ്ടുതന്നെ ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള ഭക്ഷണ പദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം ആവശ്യാനുസരണം വിപണിയിൽ ലഭ്യമാക്കുന്ന ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്, അത്യന്തം പ്രാധാന്യവും ഗൗരവപൂർണ്ണവുമായ പ്രവൃത്തിയാണ് നിർവ്വഹിക്കുന്നത്.

2. 1965 ഒക്ടോബർ 24-ന് ഔപചാരികമായി ഏർപ്പെടുത്തിയതും 1966 ജൂലൈ 1-ാം തീയതി കേരള റേഷനിംഗ് ഉത്തരവിലൂടെ പ്രാബല്യത്തിൽ വന്നതുമായ പൊതുവിതരണ സമ്പ്രദായമാണ് സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്നത്.

3. ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ ബജറ്റ് വിഹിത വിനിയോഗം വിലയിരുത്തുന്നതിനും വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും നൽകുന്നതിനും കൂടാതെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്ന സാഹചര്യത്തിൽ പ്രസ്തുത നിയമം സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശിപാർശകളും നൽകുന്നതിനുമായി എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനങ്ങളുടെയും വകുപ്പുദ്യോഗസ്ഥരുമായി നടത്തിയ തെളിവെടുപ്പ് യോഗത്തിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

## വകുപ്പിന്റെ ഘടനയും പ്രവർത്തനവും

4. ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ സംസ്ഥാനതല ഭരണച്ചുമതല സിവിൽ സപ്ലൈസ് കമ്മീഷണറിലും വകുപ്പിന്റെ ദൈനംദിന പ്രവർത്തന മേൽനോട്ടം സിവിൽ സപ്ലൈസ് ഡയറക്ടറിലും നിക്ഷിപ്തമാണ്. റേഷനിംഗ് കൺട്രോളർ, വിജിലൻസ് ഓഫീസർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, ലാ ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ഫൈനാൻസ് ഓഫീസർ, മൂന്ന് അസിസ്റ്റന്റ് സെക്രട്ടറിമാർ എന്നീ ഉദ്യോഗസ്ഥർ കമ്മീഷണറേയും ഡയറക്ടറേയും ഭരണകാര്യങ്ങളിൽ സഹായിക്കുന്നു. വകുപ്പിന് കീഴിൽ കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ രണ്ട് മേഖലാ ഓഫീസുകളും ജില്ലാ തലത്തിൽ പതിനാല് ജില്ലാ സപ്ലൈ ഓഫീസുകളും താലൂക്ക് തലത്തിൽ അറുപത്തിമൂന്ന് താലൂക്ക് സപ്ലൈഓഫീസുകളും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ രണ്ട് വീതം ആകെ ആറ് സിറ്റി റേഷനിംഗ് ഓഫീസുകളും പ്രവർത്തിക്കുന്നു. കൂടാതെ ഉപഭോക്താക്കളുടെ പരാതികൾ പരിശോധിച്ച് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ ഉപഭോക്തൃതർക്ക പരിഹാരഫോറങ്ങളും അപ്പലേറ്റ് അതോറിറ്റിയായി തിരുവനന്തപുരം ആസ്ഥാനമായി ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനും പ്രവർത്തിക്കുന്നു. ഉപഭോക്തൃകാര്യ പ്രവർത്തനങ്ങൾക്കായി ഉപഭോക്തൃ സെല്ലും വകുപ്പിന് കീഴിൽ രൂപീകരിച്ചിട്ടുണ്ട്.

**വകുപ്പിൽ നിലവിലുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം I-ൽ ചേർക്കുന്നു. നടപ്പുസാമ്പത്തിക വർഷത്തെയും കഴിഞ്ഞ മൂന്ന് വർഷങ്ങളിലെയും വകുപ്പിന്റെ വരവുചെലവ് കണക്കുകളുടെ പട്ടിക അനുബന്ധം II-ൽ ചേർക്കുന്നു.**

5. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭക്ഷ്യലഭ്യത ഉറപ്പാക്കുക, റേഷൻ സാധനങ്ങളുടെ ദൗർലഭ്യം ഇല്ലാതാക്കുക, വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങൾ യഥാർത്ഥ റേഷൻ കാർഡ് ഉടമകൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുക, വിലക്കയറ്റം, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുക, റേഷൻ കാർഡ് വിതരണം നടത്തുക, വ്യക്തികൾക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ വിതരണം ചെയ്യുക, ഉപഭോക്താക്കളെ ബോധവാന്മാരാക്കുക എന്നീ പ്രവർത്തനങ്ങളോടൊപ്പം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ സ്വന്തം കെട്ടിടങ്ങളുടെ നിർമ്മാണം, ഉപഭോക്തൃ ക്ഷേമനിധി രൂപീകരണം, ഉപഭോക്തൃ ബോധവത്കരണം, ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം, വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകൽ എന്നീ പ്രവർത്തനങ്ങൾ ഉപഭോക്തൃകാര്യസെൽ മുഖേനയും ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നടപ്പാക്കിവരുന്നു.

## പൊതുവിതരണ സമ്പ്രദായം

### (1) **ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം (റ്റി.പി.ഡി.എസ്.)**

6. ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായ പ്രകാരം റേഷൻ സാധനങ്ങളുടെ വിലയും തോതും നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി കൂടാതെ അതത് കാലത്തെ സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരമുള്ള സബ്സിഡി കൂടി നൽകി ഭക്ഷ്യധാന്യങ്ങൾ പൊതുവിതരണ കേന്ദ്രങ്ങൾവഴി വിതരണം ചെയ്യുന്നു. 2011 സെപ്റ്റംബർ 1 മുതൽ ബി.പി.എൽ./എ.എ.വൈ. വിഭാഗങ്ങൾക്ക് 1 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചു. തുടർന്ന് സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികൾക്കും 1 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നു. പ്രസ്തുത പദ്ധതി പ്രകാരം ബി.പി.എൽ. കാർഡുകൾക്ക് മാസംതോറും 25 കിലോ അരി കിലോഗ്രാമിന് 1 രൂപ നിരക്കിലും എ.എ.വൈ. വിഭാഗങ്ങൾക്ക് 35 കിലോ അരി 1 രൂപ നിരക്കിലും ലഭിക്കുന്നു.

7. 1 രൂപയ്ക്കും 2 രൂപയ്ക്കും അരി നൽകുന്ന പദ്ധതികളിലെ സബ്സിഡിയിനത്തിൽ കഴിഞ്ഞ 3 വർഷങ്ങളിൽ സർക്കാർ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | തുക (കോടിയിൽ) |
|---|---|
| 2011 - 12 | 635.24 |
| 2012 - 13 | 624.36 |
| 2013 - 14 | 554.34 |

8. 25-2-2011-ലെ ജി.ഒ. (എംഎസ്.) 11/11/ഭ.പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എ.പി.എൽ. വിഭാഗത്തിലെ രണ്ടര ഏക്കറിൽ കുറഞ്ഞ ഭൂമിയുള്ളവർ, 25,000 രൂപയിൽ കുറഞ്ഞ പ്രതിമാസ കുടുംബവരുമാനമുള്ളവർ, 2500 ചതുരശ്ര അടിയിൽ കുറഞ്ഞ വലുപ്പമുള്ള വീടുള്ളവർ എന്നീ വിഭാഗക്കാരെ 2 രൂപ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു. ഈ പദ്ധതിയിൽ 41.7 ലക്ഷം കുടുംബങ്ങൾ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിയിലെ സബ്സിഡിയിനത്തിൽ പ്രതിമാസം 23.89 കോടി രൂപ സർക്കാർ ചെലവഴിക്കുന്നു.

9. മേൽ പദ്ധതികൾ പ്രകാരമുള്ള സബ്സിഡി നിരക്കും വില്പന വിലയും (കിലോഗ്രാമിന്) ചുവടെ ചേർക്കുന്നു:

| *ഇനം* | *കേന്ദ്ര സർക്കാർ വില* | *വില്പന വില* | *സംസ്ഥാന സബ്സിഡി* | *യഥാർത്ഥ വില്പന നിരക്ക്* |
|---|---|---|---|---|
| എ.പി.എൽ. അരി (എസ്.എസ്.) | 8.30 | 8.90 | 6.90 | 2 |
| എ.പി.എൽ. ഗോതമ്പ് (എസ്.എസ്.) | 6.10 | 6.70 | 4.70 | 2 |
| ബി.പി.എൽ. അരി | 5.65 | 6.20 | 5.20 | 1 |
| ബി.പി.എൽ. ഗോതമ്പ് | 4.15 | 4.70 | 2.70 | 2 |
| എ.എ.വൈ. അരി | 3.00 | 3.00 | 2.00 | 1 |

**(2) അന്ത്യോദയ അന്നയോജന പദ്ധതി (എ.എ.വൈ. പദ്ധതി)**

10. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിലെ ഏറ്റവും പാവപ്പെട്ട കുടുംബങ്ങൾക്ക് 1 രൂപ നിരക്കിൽ 35 കിലോഗ്രാം അരി മാസംതോറും വിതരണം ചെയ്യുന്നു. സാമൂഹ്യമായോ കുടുംബപരമായോ സഹായമില്ലാത്ത വിധവകൾ, വാർദ്ധക്യാധിക്യ രോഗമുള്ളവർ, അംഗവൈകല്യമുള്ളവർ, 60 വയസ്സിനുമുകളിൽ പ്രായമുള്ളവർ എന്നിവർ നാഥ/നാഥനായി ട്ടുള്ള കുടുംബങ്ങൾ, എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങൾ, കുഷ്ഠരോഗ ബാധിതർ, എച്ച്.ഐ.വി. ബാധിതർ എന്നിവരാണ് എ.എ.വൈ. പദ്ധതിയുടെ ഗുണഭോക്താക്കൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

**അന്നപൂർണ്ണ പദ്ധതി**

11. മറ്റു പെൻഷനുകളൊന്നും ലഭിക്കാത്ത 65 വയസ്സിനുമേൽ പ്രായമുള്ള അഗതികൾക്ക് 10 കിലോഗ്രാം അരി മാസംതോറും സൗജന്യമായി നൽകുന്ന പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 44980 ഗുണഭോക്താക്കളാണുള്ളത്.

12. 1 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനായി പ്രതിമാസം ശരാശരി 23 കോടി രൂപയും 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനായി പ്രതിമാസം ശരാശരി 35 കോടിയുമുൾപ്പെടെ പ്രതിമാസം ശരാശരി 58 കോടി രൂപ സംസ്ഥാന സർക്കാർ സബ്സിഡിയിനത്തിൽ ചെലവഴിക്കുന്നു.

13. പൊതുവിതരണ സമ്പ്രദായ പ്രകാരം സംസ്ഥാനത്ത് 14461-ഓളം റേഷൻ കടകൾ പ്രവർത്തിക്കുന്നു. എ.പി.എൽ.-ലെ നോർമൽ വിഭാഗങ്ങൾക്കും സബ്സിഡി വിഭാഗങ്ങൾക്കും 9 കിലോ അരിയും 2 കിലോ ഗോതമ്പും 2 കിലോ ആട്ടയും വീതവും ബി.പി.എൽ. വിഭാഗങ്ങൾക്ക് 25 കിലോ അരിയും 5 കിലോ ഗോതമ്പും എ.എ.വൈ. വിഭാഗങ്ങൾക്ക് 35 കിലോ അരിയും അന്നപൂർണ്ണ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് 10 കിലോ അരിയും റേഷൻ കടകൾവഴി മാസംതോറും വിതരണം ചെയ്യുന്നു. ഇവ കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാസംതോറും ആളൊന്നിന് 400 ഗ്രാം പഞ്ചസാരയും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് കാർഡൊന്നിന് 4 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിച്ച വീടുകൾക്ക് ½ / 1 ലിറ്റർ മണ്ണെണ്ണയും ലഭ്യതയനുസരിച്ച് സബ്സിഡി നിരക്കിൽ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നു.

14. സമൂഹത്തിലെ ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്ന റേഷൻ കടകളിൽ മതിയായ ഭൗതിക സൗകര്യങ്ങൾ ഇല്ലെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. കൂടാതെ റേഷൻ കടകളിൽ നിന്നും ലഭിക്കുന്ന സാധനങ്ങൾ അളവിൽ കുറയുന്നുവെന്ന പരാതികൾ വ്യാപകമായതിനാൽ എല്ലാ റേഷൻ കടകളിലും സാധനങ്ങളുടെ തൂക്കം വ്യക്തമായി കാണിക്കുന്ന ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. റേഷൻ കടകൾ കൂടുതൽ ജനകീയവും ഫലപ്രദവുമാക്കുന്നതിനായി കടകൾ ആധുനികവത്കരിക്കേണ്ടതാവശ്യമാണ്. ഓരോ മാസവും വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവും വിലവിവരവും ഉപഭോക്താക്കൾക്ക് അറിയുന്നതിനായി വിലവിവരപ്പട്ടിക, സ്റ്റോക്ക് വിവരം സൂചിപ്പിക്കുന്ന ബോർഡ്, വിതരണം ചെയ്യുന്ന സാധനങ്ങളുടെ സാമ്പിൾ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം, ലൈറ്റ്, ഫാൻ, ഷെൽഫ് എന്നിവ എല്ലാ റേഷൻ കടകളിലും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. സി.&എ.ജി.യുടെ കണക്ക് പ്രകാരം റേഷൻകടകൾവഴിയും മൊത്തവിതരണക്കാർ വഴിയും ഏകദേശം 40 കോടി രൂപയുടെ റേഷൻ ചോർച്ച വർഷംതോറും സംസ്ഥാനത്തുണ്ടാകുന്നു. റേഷൻ ചോർച്ച തടയുന്നതിനും റേഷൻ സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമായി കമ്പ്യൂട്ടറൈസ് ചെയ്ത റേഷൻ കടകളിൽ നിന്നും ബയോമെട്രിക് റീഡിംഗ് പ്രകാരം ഉപഭോക്താവ് നേരിട്ട് സാധനങ്ങൾ വാങ്ങുന്ന രീതി പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള ബയോമെട്രിക് സംവിധാനം സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. പൊതുവിപണിയിൽ അരിയുടെ വില കുതിച്ചുയരുമ്പോൾ റേഷൻ കടകളിലെത്തുന്ന എ.പി.എൽ. അരിയും ഗോതമ്പും വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്ന സ്ഥിതി വിരളമല്ല. ബന്ധപ്പെട്ട അധികാരികളുടെ ഉത്തരവില്ലാത്തതിനാലാണ് പ്രസ്തുത സാധനങ്ങൾ യഥാസമയം വിതരണം ചെയ്യാത്തതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റേഷൻ കടകളിലെത്തുന്ന ഭക്ഷ്യസാധനങ്ങൾ യഥാസമയം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 2012 ഒക്ടോബർ മുതൽ ക്വിന്റലിന് പരമാവധി 60 രൂപയായും റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ 1-11-2013 മുതൽ ക്വിന്റലിന് പരമാവധി 41.40 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ജീവിതച്ചെലവുകൾ ഉയർന്ന ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത കമ്മീഷൻ പരിഷ്കരിക്കേണ്ടതാവശ്യമാണ്. കൂടാതെ കമ്മീഷൻ ഇനത്തിൽ വ്യാപാരികൾക്ക് കുടിശ്ശിക നൽകാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റേഷൻ ചില്ലറ വ്യാപാരികളുടെയും മൊത്തവ്യാപാരികളുടെയും കമ്മീഷൻ കാലോചിതമായി വർദ്ധിപ്പിക്കണമെന്നും കമ്മീഷൻ ഇനത്തിൽ വ്യാപാരികൾക്ക് നൽകാനുള്ള കുടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. അന്നപൂർണ്ണ പദ്ധതിയിലെ അംഗങ്ങൾ 65 വയസ്സ് കഴിഞ്ഞ മറ്റു പെൻഷനുകളൊന്നും ലഭിക്കാത്ത അഗതികളായതിനാൽ പദ്ധതിയിലെ അംഗങ്ങളുടെ എണ്ണം പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പൂർണ്ണ കേന്ദ്ര സഹായം ലഭിക്കുന്ന അന്നപൂർണ്ണ പദ്ധതിയിലെ വയസ്സ് നിബന്ധന 60 ആയി കുറയ്ക്കണമെന്നും മാരകരോഗങ്ങൾ ബാധിച്ചവരെക്കൂടി പ്രസ്തുത പദ്ധതിയിലുൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. ഭക്ഷ്യപൊതുവിതരണ വകുപ്പിൻ കീഴിലെ വിജിലൻസ് വിഭാഗത്തിൽ ഒരു മൊബൈൽ പട്രോൾ യൂണിറ്റും വിജിലൻസ് സ്ക്വാഡുകളും പ്രവർത്തിക്കുന്നു. ഇവ സംസ്ഥാനത്തെ മൊത്ത/ചില്ലറ/റേഷൻ കടകളും മണ്ണെണ്ണ ഡിപ്പോകളും പരിശോധിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ജില്ലാ സപ്ലൈ ഓഫീസർമാരും താലൂക്ക് സപ്ലൈ ഓഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഡെപ്യൂട്ടി കൺട്രോളർമാരും അവരുടെ അധികാര പരിധിയിൽ സമയബന്ധിതമായി പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധന ജില്ലാ സപ്ലൈ ഓഫീസർമാർ, ഡയറക്ടർ/കമ്മീഷണർ എന്നിവർ അവലോകനം ചെയ്യുകയും ചെയ്യുന്നു. റേഷൻ കടകളിൽ വിതരണം ചെയ്യാനുള്ള അരിയും മറ്റു ഭക്ഷ്യധാന്യങ്ങളും കരിഞ്ചന്തയിൽ മറിച്ചുവിൽക്കുന്നതായ പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടതിനാൽ റേഷൻ കടകളിലെ പ്രവർത്തനം അഴിമതി രഹിതമാക്കുന്നതിനായി റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു സ്ഥിരം സംവിധാനം നടപ്പിലാക്കണമെന്നും വകുപ്പിന്റെ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തണമെന്നും റേഷൻ കടകൾ റാൻഡമായി പരിശോധനയ്ക്ക് വിധേയമാക്കണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. അട്ടപ്പാടിയിലെയും തീരദേശ മേഖലകളിലെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് എ.പി.എൽ. കാർഡ് നൽകി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത പിശകുകൾ പരിഹരിച്ച് എ.പി.എൽ. കാർഡുള്ള ബി.പി.എൽ. കുടുംബങ്ങളെ സമയബന്ധിതമായി ബി.പി.എൽ. പട്ടികയിലുൾപ്പെടുത്തി അർഹമായ ആനുകൂല്യങ്ങൾ നൽകണമെന്നും അട്ടപ്പാടിയിലെയും തീരദേശ മേഖലകളിലെയും റേഷൻ കടകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ പരിശോധന സ്പെഷ്യൽ ഡ്രൈവായി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനായി വകുപ്പ് ലഘുലേഖകൾ പ്രസിദ്ധീകരിക്കുകയും ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും വലിയൊരു വിഭാഗം ജനങ്ങളും പ്രസ്തുത അവകാശങ്ങൾ സംബന്ധിച്ച് ബോധവാന്മാരല്ല. ആയതിനാൽ പൊതുജനങ്ങൾ കൂടുതലായി എത്തുന്ന സർക്കാർ സ്ഥാപനങ്ങളുടെ മുന്നിലും പൊതുവിതരണ കേന്ദ്രങ്ങളുടെ മുന്നിലും മറ്റ് പൊതുസ്ഥലങ്ങളിലും ഉപഭോക്തൃ അവകാശങ്ങൾ വ്യക്തമാക്കുന്ന പരസ്യഫലകങ്ങൾ സ്ഥാപിക്കണമെന്നും കൂടാതെ ഉപഭോക്തൃ അവകാശം വ്യക്തമാക്കുന്ന പുസ്തകങ്ങളും ലഘുലേഖകളും പഞ്ചായത്തുതലം മുതൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. ഉപഭോക്താക്കളുടെ പരാതികൾ പരിശോധിച്ച് പരിഹാര നടപടി കൈക്കൊള്ളുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിലായി പതിനാല് ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങൾ ജില്ലാ ജഡ്ജിയുടെ പദവിയുള്ള ഉദ്യോഗസ്ഥൻ തലവനായി പ്രവർത്തിക്കുന്നു. 5 ലക്ഷംവരെ മൂല്യമുള്ള വസ്തുക്കൾ/സേവനങ്ങൾ സംബന്ധിച്ച തർക്കമാണ് ജില്ലാ ഫോറം പരിഗണിക്കുന്നത്. 5 ലക്ഷം മുതൽ 10 ലക്ഷം വരെ വിലയുള്ള വസ്തുക്കൾ/സേവനങ്ങൾ സംബന്ധിച്ച തർക്കങ്ങളിൽ സ്വന്തം നിലയിൽ കേസെടുക്കുന്നതിനും 20 ലക്ഷത്തിനുമേൽ 1 കോടി രൂപ വരെയുള്ള ഉപഭോക്തൃ തർക്ക കേസുകളിൽ പരാതി സ്വീകരിച്ച് തീർപ്പാക്കുന്നതിനും ജില്ലാ ഫോറങ്ങളുടെ വിധിക്കുമേൽ അപ്പീൽ സ്വീകരിക്കുന്നതിനുമായി ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ ഹൈക്കോടതി ജഡ്ജി തലവനായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു.

24. ജില്ലാ ഫോറങ്ങളിൽ നിരവധി കേസുകൾ തീർപ്പാക്കാനായി അവശേഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. നടപടികൾ പൂർത്തിയാകുന്നതിനെടുക്കുന്ന കാലതാമസം ബന്ധപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വളരെയേറെ സമയനഷ്ടവും സാമ്പത്തിക നഷ്ടവുമുണ്ടാക്കുന്നതിനാൽ ജില്ലാ ഫോറങ്ങളിലെത്തുന്ന കേസുകൾ സ്പീഡ് ട്രാക്ക് സംവിധാനത്തിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ**

25. പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമാണ് ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ). കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന

സപ്ലൈകോയുടെ കീഴിൽ സംസ്ഥാനമൊട്ടാകെ 5 മേഖലാ ഓഫീസുകളും 56 ഡിപ്പോകളും 1523 ഓളം ചില്ലറ വില്പനശാലകളും പ്രവർത്തിക്കുന്നു.

26. അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്കു ലഭ്യമാക്കുന്നതുവഴി ഭക്ഷ്യലഭ്യതയും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തി ജനങ്ങളുടെ ജീവിതനിലവാരമുയർത്തുന്നതിൽ സപ്ലൈകോ പ്രധാന പങ്ക് വഹിക്കുന്നു. 934 മാവേലി സ്റ്റോറുകൾ, 375 സൂപ്പർ മാർക്കറ്റുകൾ, 22 പീപ്പിൾസ് ബസാറുകൾ, 4 ഹൈപ്പർ മാർക്കറ്റുകൾ, 1 അപ്നാ ബസാർ, 1 സപ്ലൈകോ പ്രീമിയം എന്നിവയുൾപ്പെടെ ഏകദേശം 1523 ചില്ലറ വില്പന ശാലകളാണ് സപ്ലൈകോയുടെ കീഴിൽ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നത്. അവശ്യ സാധനങ്ങളുടെ കമ്പോളവിലയുമായി താരതമ്യപഠനം നടത്തിയതിനുശേഷം ഓരോ മാസത്തെയും സാധനവില സംസ്ഥാന സർക്കാർ നിശ്ചയിക്കുകയും തുടർന്ന് സപ്ലൈകോ മാർക്കറ്റുകൾവഴി അവശ്യസാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 50% വരെ വിലക്കുറവിലും മറ്റ് നിത്യോപയോഗ സാധനങ്ങൾ 10% വരെ വിലക്കുറവിലും വിതരണം ചെയ്യുകയും ചെയ്യുന്നു. ഇതുവഴി അവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനും ഭക്ഷ്യക്ഷാമം ഒഴിവാക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കഴിയുന്നു.

27. സപ്ലൈകോവഴി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ വിൽപ്പന റേഷൻ കാർഡുവഴി പരിമിതപ്പെടുത്തുന്നതിനാൽ അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത ഇല്ലാതാകുന്നു. സപ്ലൈകോ വിൽപ്പനശാലകൾവഴി വിൽക്കുന്ന സാധനങ്ങളുടെ അളവിലോ തൂക്കത്തിലോ ഗുണത്തിലോ പരാതിയുണ്ടെങ്കിൽ അവ തിരികെ നൽകി വിലയോ പകരം സാധനമോ കൈപ്പറ്റുന്നതിനുള്ള സൗകര്യവും ഉപഭോക്താക്കൾക്കുണ്ട്.

28. സർക്കാരിന്റെ മാർക്കറ്റ് ഇടപെടൽ പദ്ധതി നടപ്പാക്കുന്നതുവഴി അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുക, എഫ്.എം.സി.ജി. ഉത്പന്നങ്ങൾ പൊതുവിപണിയേക്കാൾ 10% വരെ വില കുറച്ച് നൽകുക, ഉത്സവ സമയങ്ങളിൽ സ്പെഷ്യൽ ഫെയറുകൾ നടത്തുക, സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾവഴി അവശ്യമരുന്നുകൾ വിലക്കുറവിൽ നൽകുക, സർക്കാരിന്റെ നെല്ല് സംഭരണ പദ്ധതിയിൽ നോഡൽ ഏജന്റായി പ്രവർത്തിക്കുക, ഗോതമ്പ് സംഭരിച്ച് ഫോർട്ടിഫൈഡ് ആട്ടയാക്കി വിതരണം ചെയ്യുക, അംഗൻവാടി, തെരഞ്ഞെടുത്ത ഹോസ്റ്റലുകൾ എന്നിവയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുക, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുക തുടങ്ങിയവയാണ് സപ്ലൈകോയുടെ പ്രധാന പ്രവർത്തനങ്ങൾ. ഇവ കൂടാതെ സംസ്ഥാനത്തെ ദരിദ്രവിഭാഗത്തിലെ സ്കൂൾ കുട്ടികൾക്കായി കേന്ദ്രം സൗജന്യമായി അനുവദിച്ച അരിയും സൗജന്യ ഓണക്കിറ്റും സപ്ലൈകോവഴി വിതരണം ചെയ്യുന്നു. സപ്ലൈകോയുടെ കീഴിൽ 15 പെട്രോൾ ബങ്കുകളും 3 എൽ.പി.ജി. ഔട്ട്‌ലെറ്റുകളും ഒരു മണ്ണെണ്ണ മൊത്ത വ്യാപാര കേന്ദ്രവും പ്രവർത്തിക്കുന്നു.

29. അവശ്യസാധനങ്ങൾ 50% വരെ വിലക്കുറവിലും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ 10% വരെ വിലക്കുറവിലും നൽകുന്നത് കൂടാതെ സപ്ലൈകോയുടെ സ്വന്തം ഉത്പന്നങ്ങളായ കറി പൗഡറുകൾ, എണ്ണ, തേയില, കാപ്പിപ്പൊടി, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവ 'ശബരി' എന്ന പേരിൽ അതുമാർക്ക് ഗുണമേന്മയിൽ 20% വരെ വിലക്കുറവിൽ

വിപണിയിൽ വിൽപ്പന നടത്തുന്നു. ഇത് പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുവാൻ ഏറെ സഹായിക്കുന്നു. കൂടാതെ താലൂക്കുകൾ തോറും എ.ആർ.ഡി. ശബരി സ്റ്റോറുകൾ വഴി റേഷൻ സാധനങ്ങൾക്ക് പുറമേ നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നു. ഇപ്രകാരം സംസ്ഥാനത്ത് 112 എ.ആർ.ഡി. ശബരി സ്റ്റോറുകൾ പ്രവർത്തിക്കുന്നു. സപ്ലൈകോയുടെ ഓരോ താലൂക്ക് ഡിപ്പോകളിൽ നിന്നും പ്രസ്തുത താലൂക്കിലെ തെരഞ്ഞെടുക്കപ്പെട്ട എ.ആർ.ഡി. ശബരി സ്റ്റോറുകൾക്ക് പലവ്യഞ്ജനങ്ങളും ശബരി ഇനങ്ങളും വിതരണം ചെയ്യുന്നു.

30. സംസ്ഥാനത്ത് സപ്ലൈകോയുടെ 93 മാവേലി മെഡിക്കൽ സ്റ്റോറുകളും 5 മെഡിക്കൽ ഹോൾസെയിൽ ഡിവിഷനുകളും പ്രവർത്തിക്കുന്നു. മാവേലി മെഡിക്കൽ സ്റ്റോറുകളിൽ എല്ലാ മരുന്നുകൾക്കും 13% വിലക്കുറവും ഇൻസുലിൻ മരുന്നിന് 17% വരെ വിലക്കുറവും കൂടാതെ ബി.പി.എൽ. കുടുംബങ്ങൾക്ക് എല്ലാ മരുന്നുകൾക്കും 25% വിലക്കുറവിൽ മാസം 1,000 രൂപയുവരെയും നൽകുന്നുണ്ടെങ്കിലും കൂടുതൽ ജനങ്ങളും പൊതുവിപണിയിലെ മെഡിക്കൽ സ്റ്റോറുകളെയാണ് ആശ്രയിക്കുന്നത്. ജനവാസ മേഖലകളിലും ആശുപത്രി പരിസരങ്ങളിലും മാവേലി മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്തത് ഇതിന് കാരണമായി സമിതി കാണുന്നു. കൂടാതെ മാവേലി മെഡിക്കൽ സ്റ്റോറുകൾ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡമില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>പ്രത്യേക മാനദണ്ഡം രൂപീകരിച്ച് ഒരു മണ്ഡലത്തിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോർ വീതം, പ്രത്യേകിച്ച് ആശുപത്രി പരിസരങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

31. ഒരു കോടിയിലധികം ജനങ്ങൾ ആശ്രയിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകൾക്ക് ജനങ്ങളുടെ വിശ്വാസം നേടാനായത് സപ്ലൈകോ വഴിയുള്ള മാർക്കറ്റ് ഇടപെടൽ ജനങ്ങൾക്ക് സ്വീകാര്യമായതിനാലാണ്. ശാസ്ത്രീയമായ വിലനിർണ്ണയം, ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ്, പർച്ചേസ് മാനേജ്മെന്റ്, ഇൻവെന്ററി മാനേജ്മെന്റ്, കർശനമായ ധനകാര്യ മാനേജ്മെന്റ്, ശക്തമായ വിജിലൻസ് വിഭാഗം, ഗുണനിലവാരമുള്ള ഉത്പന്നങ്ങളുടെ വിപണനം, കമ്പ്യൂട്ടർ ബില്ലിംഗ് എന്നിവവഴി മലയാളി സപ്ലൈകോയെ ഇരുകൈയും നീട്ടി സ്വീകരിച്ചതിനുദാഹരണമാണ് വർദ്ധിച്ചുവരുന്ന സപ്ലൈകോയുടെ വിൽപ്പനശാലകൾ. കൂടുതൽ ആനുകൂല്യം പരമാവധി ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ സപ്ലൈകോയുടെ വിൽപ്പനശാലകൾ വലിയപങ്ക് വഹിക്കുന്നു. ആയത് വിപുലീകരിക്കുന്നതിനായി <u>സപ്ലൈകോയുടെ കീഴിൽ ജില്ലകൾ തോറും മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

32. ജില്ലാ കളക്ടർ തെരഞ്ഞെടുക്കുന്ന ഹോട്ടലുകൾക്ക് സപ്ലൈകോവഴി സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. വൃത്തിഹീനമായ സ്ഥലങ്ങളിൽ ഭക്ഷണം പാചകം ചെയ്യുകയും ഗുണനിലവാരമില്ലാത്ത ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്ന ഹോട്ടലുകളിലെ ഭക്ഷണം കഴിച്ച് ഭക്ഷ്യ വിഷബാധമൂലം ജനങ്ങൾ ആശുപത്രിയിലാകുന്നതും മരിക്കുന്നതും നിത്യസംഭവമായി മാറിക്കഴിഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ ഗുണമേന്മയുള്ള പദാർത്ഥങ്ങൾ ഉപയോഗിച്ചും ശുചിത്വമുള്ള സാഹചര്യത്തിലും ഭക്ഷണം

പാകം ചെയ്ത് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ടൗണുകൾതോറും ന്യായവില സപ്ലൈകോ ഹോട്ടലുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. സപ്ലൈകോ സ്റ്റോറുകളിലൂടെ വിൽക്കുന്ന എല്ലാ ഭക്ഷ്യധാന്യങ്ങളും സി.എഫ്.ആർ.ഡി.-യുടെ സൂക്ഷ്മ നിരീക്ഷണ പരിശോധന നടത്തിയതിനുശേഷമാണ് വിതരണം ചെയ്യുന്നത്. ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്ത് കോർപ്പറേഷന് നഷ്ടമുണ്ടാക്കിയ കേസ്സുകൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ/ഏജൻസികൾ ഭക്ഷ്യ സുരക്ഷാ മാനദണ്ഡപ്രകാരം പ്രവർത്തിക്കുന്നവയാണെന്ന് ഉറപ്പുവരുത്തണമെന്നും സാധനങ്ങൾ സ്വീകരിക്കുന്ന സമയത്ത് തന്നെ അവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധന നടത്തണമെന്നും നിശ്ചിത ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ കരിമ്പട്ടികയിൽ പെടുത്തി ഒഴിവാക്കണമെന്നും കൂടാതെ ജൈവ കൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങൾ സപ്ലൈകോവഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

34. സർക്കാരിന്റെ നെല്ല് സംഭരണ പദ്ധതിയിൽ നോഡൽ ഏജന്റായി പ്രവർത്തിക്കുന്ന സപ്ലൈകോ, കർഷകരിൽ നിന്നും നേരിട്ട് നെല്ല് സംഭരിക്കുന്നു. വിത്ത് വിതച്ച് 30 ദിവസത്തിനകം കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യുകയും സംഭരണത്തിന് തയ്യാറാകുമ്പോൾ പാഡി മാർക്കറ്റിംഗ് ഓഫീസർ നിശ്ചിത ഗുണനിലവാരം ഉറപ്പുവരുത്തി നെല്ല് സംഭരിക്കുകയും നെല്ലിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുന്നു. തുടർന്ന് സപ്ലൈകോയുമായി കരാറിലേർപ്പെട്ട മോഡേൺ റൈസ് മില്ലുകൾവഴി നെല്ല് അരിയാക്കി മാറ്റുന്നു. ഇപ്രകാരമുള്ള സി.എം.ആർ. അരി ക്വാളിറ്റി അഷ്വറൻസ് ടീം പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തി പൊതുവിതരണ സമ്പ്രദായംവഴി വിതരണം ചെയ്യുന്നു. സംസ്ഥാനത്ത് ഏകദേശം 108920 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സപ്ലൈകോ സംഭരിക്കുന്ന മുഴുവൻ നെല്ലും ഇപ്രകാരം അരിയാക്കി സബ്സിഡി വിലയിൽ വിതരണം ചെയ്യുന്നു.

35. സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് ലഭ്യമാക്കാൻ ചിലപ്പോഴെല്ലാം കാലതാമസമുണ്ടാകുന്ന കാര്യം സമിതി ഗൗരവമായി കാണുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാനുള്ള താമസമാണ് പ്രസ്തുത കാലതാമസത്തിന് കാരണമെന്നതിനാൽ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകരിൽനിന്നും നെല്ല് സംഭരിച്ചു കഴിഞ്ഞാൽ കാലതാമസമില്ലാതെ നെല്ലിന്റെ വില നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നത് കോർപ്പറേഷന്റെ സ്വന്തം ഗോഡൗണുകളിലും സ്റ്റേറ്റ് വെയർഹൗസിന്റെയും സ്വകാര്യ ഏജൻസികളുടെയും ഗോഡൗണുകളിലുമാണ്. ഗോഡൗണുകളുടെ നിർമ്മാണത്തിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലായി

10 സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തിയെന്നും അവ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഏകദേശം നാല് ലക്ഷം മെട്രിക് ടൺ സാധനങ്ങൾ മാസംതോറും സംഭരിക്കേണ്ട ആവശ്യം നമ്മുടെ സംസ്ഥാനത്തിനുണ്ട്. എന്നാൽ ഏകദേശം ഒൻപതിനായിരം ടൺ സാധനം സംഭരിക്കാനുള്ള സൗകര്യമാണ് കോർപ്പറേഷനുള്ളത്. കൂടാതെ ഭക്ഷ്യസുരക്ഷാനിയമ പ്രകാരം 4 മാസത്തേക്ക് സംസ്ഥാനത്തിനാവശ്യമായ മുഴുവൻ ഭക്ഷ്യധാന്യങ്ങളും സംഭരിക്കുന്നതിനായി ഇപ്പോഴുള്ള സംഭരണ സംവിധാനങ്ങൾ തികച്ചും അപര്യാപ്ത മാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് ഭൂമി കണ്ടെത്തി, പ്രസ്തുത സ്ഥലം ഏറ്റെടുത്ത് എത്രയും വേഗം ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും എല്ലാ ജില്ലകളിലും സൗകര്യപ്രദമായ സ്ഥലങ്ങളിൽ 10000 ടൺവരെ സംഭരണശേഷിയുള്ള ആധുനിക ഗോഡൗൺ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

37. എഫ്.സി.ഐ. ഗോഡൗണിൽ സൂക്ഷിച്ച ഭക്ഷ്യധാന്യങ്ങളിൽ അപകടകരമായ അളവിൽ മാലത്തിയോൺ എന്ന കീടനാശിനി കണ്ടെത്തിയതായി പത്രത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. ചാക്കുകളിൽ കടന്നുകൂടുന്ന കീടങ്ങളെ നശിപ്പിക്കാനായി ഉപയോഗിച്ച ഇത്തരം മാരകമായ കീടനാശിനികൾ നാഡീവ്യവസ്ഥയെ തകരാറിലാക്കുകയും മാരകരോഗങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുമെന്നതിനാൽ കൃത്യമായ രാസപരിശോധന നടത്തിയശേഷം മാത്രം ഗോഡൗണുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനായി നൽകണമെന്നും ഇക്കാര്യം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

38. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ 30% മാത്രമാണ് മത്സ്യബന്ധനത്തിനായി നൽകുന്നത്. പൊതുവിപണിയിൽ മണ്ണെണ്ണ വില കുതിച്ചുയരു ന്നത് മത്സ്യബന്ധന മേഖലയിൽ പ്രതിസന്ധിയ്ക്ക് കാരണമാകുന്നതിനാൽ മത്സ്യബന്ധന മേഖലയ്ക്ക് ആവശ്യമായ മണ്ണെണ്ണ പ്രത്യേകമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. ശാസ്ത്രീയമായ പർച്ചേസ് മാനേജ്മെന്റ് സംവിധാനമാണ് സപ്ലൈകോ അനുവർത്തിച്ച് വരുന്നത്. ഓൺലൈനിലൂടെ ടെണ്ടർ വിളിക്കുകയും ആവശ്യകത അറിയിക്കുകയും പണമിടപാടുകൾ നടത്തുകയും ചെയ്യുന്നതിനാൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ വാങ്ങാൻ കഴിയുന്നു. ഇതുവഴി ഉപഭോക്താവിനും കോർപ്പറേഷനും ഒരേ സമയം പരമാവധി ലാഭമുണ്ടാക്കാനും സാധിക്കുന്നു. എങ്കിലും ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാർ നടത്തിയ ക്രമക്കേട് വഴി സപ്ലൈകോയ്ക്ക് നഷ്ടമുണ്ടാക്കിയ കേസുകളും ഇ-ടെണ്ടറിലെ അപാകതകൾക്കെതിരെയുള്ള പരാതികളും നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിതരണത്തിനായി സപ്ലൈകോ സ്വീകരിക്കുന്ന ഉത്പന്നങ്ങളുടെ അളവും ഗുണമേന്മയും ഉത്പന്നങ്ങൾ

സ്വീകരിക്കുന്ന സമയത്തും വിതരണത്തിനെടുക്കുന്ന സമയത്തും ഉറപ്പുവരുത്തണമെന്നും ഇ-ടെണ്ടർ നടപടികൾ സുതാര്യമാക്കണമെന്നും ക്രമക്കേടിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ ടെണ്ടറിൽ നിന്നും ഒഴിവാക്കണമെന്നും ക്രമക്കേടുകളിൽ പങ്കാളികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

40. കോർപ്പറേഷന്റെ കേസുകൾ കൈകാര്യം ചെയ്യുന്നത് സെക്രട്ടേറിയറ്റിലെ ഒരു ലാ ഓഫീസറും മൂന്ന് ലീഗൽ അസിസ്റ്റന്റുമാരുമുൾപ്പെടുന്ന പാനലാണ്. കൂടാതെ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഹൈക്കോടതിയിൽ 3 സ്റ്റാൻഡിംഗ് കൗൺസിലുകളും പ്രവർത്തനക്ഷമമാണ്.

**കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (സി.എഫ്.ആർ.ഡി.)**

41. കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (സി.എഫ്.ആർ.ഡി.) നോഡൽ ഏജൻസിയായി സപ്ലൈകോ പ്രവർത്തിക്കുന്നു. കേരളത്തിലെ നാടൻ ഭക്ഷ്യവസ്തുക്കളുടെ തനിമ നിലനിർത്തി അവയുടെ നിലവാരം അന്താരാഷ്ട്ര മാർക്കറ്റിലെ ഭക്ഷ്യവസ്തുക്കളുമായി മത്സരിക്കാൻ പ്രാപ്തമാക്കുന്ന രീതിയിലുള്ളതാക്കി മാറ്റുന്നതിനായി പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ 2005-ൽ സി.എഫ്.ആർ.ഡി. സ്ഥാപിതമായി. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഗുണമേന്മയുള്ള പാചകത്തിനുതകുന്ന ഭക്ഷണപദാർത്ഥങ്ങൾ വിപണിയിലെത്തിക്കുക, അവയ്ക്കാവശ്യമായ മാനവശേഷി വികസിപ്പിക്കുക എന്നിവയാണ് സി.എഫ്.ആർ.ഡി.യുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി സി.എഫ്.ആർ.ഡി.യുടെ കീഴിൽ ഭക്ഷ്യ ഗുണനിലവാര പരിശോധന ലാബ് (എഫ്.ക്യൂ.എം.എൽ.), തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ് (സി.എഫ്.ടി.കെ.), ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം (എഫ്.പി.ടി.സി.) എന്നിവ സ്ഥാപിച്ചു.

**ഭക്ഷ്യ ഗുണനിലവാര പരിശോധനാ ലാബ് (എഫ്.ക്യൂ.എം.എൽ.)**

42. 2008-ൽ പ്രവർത്തനമാരംഭിച്ച ഭക്ഷ്യ ഗുണനിലവാര പരിശോധനാ ലാബ് മുഖേന കാർഷിക ഉത്പന്നങ്ങൾ, ഭക്ഷണപദാർത്ഥങ്ങൾ, കുടിവെള്ളം എന്നിവയുടെ സൂക്ഷ്മാണു പരിശോധന, ഭക്ഷണപദാർത്ഥങ്ങൾ തയ്യാറാക്കുന്ന വ്യക്തികളുടേയും യൂണിറ്റിന്റെയും ശുചിത്വ പരിശോധന, കുപ്പിയിലെ കുടിവെള്ളത്തിന്റെ ശുചിത്വവും ഗുണമേന്മയും പരിശോധന, ഇറച്ചി, മീൻ എന്നിവയിലെ മായം സംബന്ധിച്ച പരിശോധന എന്നിവയുടെ ഫലം ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ അറിയാൻ കഴിയുന്നു. ലാബിലെ മൈക്രോ ബയോളജി ഡിവിഷൻ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നേടിയതാണ്. അതിനൂതന സംവിധാനമുള്ള പ്രസ്തുത ഡിവിഷനിൽ രോഗാണുനിർണ്ണയത്തിനും ബാക്ടീരിയകളുടെ എണ്ണം പരിശോധിക്കാനും കോശങ്ങളെ തിരിച്ചറിയാനും കഴിയുന്നു. കെമിക്കൽ ലാബിൽ ഭക്ഷണ പദാർത്ഥങ്ങളുടെ എല്ലാവിധ രാസപരിശോധനകളും നടത്തുന്നു. കൂടാതെ ലാബ് മുഖേന ഭക്ഷ്യ സംസ്കരണശാലകളിലെ ശുചിത്വ സംവിധാനങ്ങൾ, ഉത്പന്നങ്ങളുടെ ഗുണമേന്മ എന്നിവ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ഭക്ഷ്യസംസ്കരണ പരിശോധനാ ഉപദേശം നൽകുകയും ചെയ്യുന്നു.

**തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ് (സി.എഫ്.ടി.കെ.)**

43. 2009-ൽ പ്രവർത്തനമാരംഭിച്ച സ്വാശ്രയ കോളേജിൽ ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് വിഷയത്തിൽ മൂന്ന് വർഷത്തെ ബിരുദ കോഴ്സും രണ്ട് വർഷത്തെ ബിരുദാനന്തര ബിരുദ കോഴ്സും നടത്തുന്നു.

**ഭക്ഷ്യസംസ്കരണ പരിശീലന കേന്ദ്രം (എഫ്.പി.റ്റി.സി.)**

44. ഉത്പാദനത്തിലും ഭക്ഷ്യസുരക്ഷയിലും ഗുണമേന്മയിലും താത്പര്യവും അറിവുമുള്ള യുവജനങ്ങൾക്കും ഭക്ഷ്യോത്പാദന രംഗത്ത് പ്രവർത്തിക്കുന്ന മാനേജർമാർക്കും പരിശീലനം നൽകുക, ഭക്ഷ്യോത്പാദനം, ഭക്ഷ്യ സുരക്ഷ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ, ഗുണമേന്മയുള്ള ഉത്പന്നങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് ഉപഭോക്താക്കൾക്ക് അറിവ് നൽകുക എന്നീ ലക്ഷ്യങ്ങളോടെ 2010-ൽ എഫ്.പി.റ്റി.സി. പ്രവർത്തനമാരംഭിച്ചു. ശുചിത്വം, ശുചിത്വ പ്രവർത്തനങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയെ ആസ്പദമാക്കിയ പരിശീലന പരിപാടികൾ എഫ്.പി.റ്റി.സി. സംഘടിപ്പിക്കുന്നു.

45. സി.എഫ്.ആർ.ഡി.യുടെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യപാർക്ക്, മിനി ഫുഡ് ഇൻക്യൂബേഷൻ സെന്റർ, ഔഷധ ഗുണപരിശോധനാ ലാബ്, വെജിറ്റബിൾ/ഫ്രൂട്ട്സ് ഡീ ഹൈഡ്രേറ്റിംഗ് യൂണിറ്റ് എന്നിവ ആരംഭിക്കാനുള്ള നടപടികൾ സി.എഫ്.ആർ.ഡി. സ്വീകരിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പൊതുജനാരോഗ്യരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാനും കഴിയുന്ന പ്രസ്തുത യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. 2011-12-ൽ 2043 കോടി രൂപയും 2012-13-ൽ 2831.09 കോടി രൂപയുമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കഴിഞ്ഞ വർഷങ്ങളിലെ വിറ്റുവരവ്.

47. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സപ്ലൈകോയ്ക്ക് അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| *വർഷം* | *അനുവദിച്ച തുക (കോടിയിൽ)* | *ചെലവഴിച്ച തുക (കോടിയിൽ)* |
|---|---|---|
| 2011-12 | 118.35 | 164.96 |
| 2012-13 | 135.00 | 288.55 |
| 2013-14 | 111.00 | 311.94 |

48. എഫ്.എം.സി.ജി. ഉത്പന്നങ്ങളുടെ വിപണനത്തിലൂടെ ഏകദേശം 100 കോടി രൂപയോളം ലാഭമുണ്ടാകുന്നുവെങ്കിലും വിപണി ഇടപെടൽമൂലം പ്രസ്തുത ലാഭം ക്രോസ് സബ്സിഡൈസ് ചെയ്തു പോകുന്നു. വിപണി ഇടപെടലിനായി പുറത്ത് നിന്ന് ലോൺ എടുക്കുന്ന സാഹചര്യമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ അവസ്ഥ പരിഹരിക്കുന്നതിനായി മാർക്കറ്റ് ഇടപെടൽ ഇനത്തിൽ ബജറ്റിൽ അധിക തുക വകയിരുത്തണമെന്നും മാർക്കറ്റ് ഇടപെടലുമായി ബന്ധപ്പെട്ട സബ്സിഡിയിനത്തിൽ സർക്കാരിൽ നിന്നും കോർപ്പറേഷന് ലഭിക്കാനുള്ള തുക എത്രയും വേഗം നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഭക്ഷ്യസുരക്ഷാ പദ്ധതി**

49. 2013 ആഗസ്റ്റ് 26-ന് നിലവിൽ വന്ന ഭക്ഷ്യസുരക്ഷാ നിയമത്തിലൂടെ വിശപ്പും പോഷകാഹാരക്കുറവും ഇല്ലാതാക്കുന്ന ചരിത്ര പദ്ധതിയ്ക്കാണ് ഇന്ത്യൻ പാർലമെന്റ് ജന്മം നൽകിയത്. പ്രസ്തുത നിയമത്തിലൂടെ ഭക്ഷണം പൗരന്റെ അവകാശമായി മാറി. 63 കോടി ഗ്രാമവാസികളും 18 കോടി നഗരവാസികളുമുൾപ്പെടുന്ന രാജ്യത്തെ 81% ത്തോളം ജനതയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ഉറപ്പുവരുത്തുന്ന പ്രസ്തുത പദ്ധതിയിലൂടെ കുടുംബത്തിലെ ഓരോ അംഗത്തിനും പ്രതിമാസം 5 കിലോഗ്രാം ഭക്ഷ്യധാന്യം വീതം ലഭിക്കും. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനായി രാജ്യത്ത് ഒരു വർഷം 614.3 ലക്ഷം ടൺ ഭക്ഷ്യധാന്യം ആവശ്യമാണ്.

50. ആറു മാസംമുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അങ്കണവാടിവഴി സൗജന്യ ഭക്ഷണം, 6 മുതൽ 14 വയസ്സു വരെയുള്ള കുട്ടികൾക്ക് സ്കൂളിൽ നിന്ന് സൗജന്യ ഉച്ചഭക്ഷണം, പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് സൗജന്യ റേഷൻ, എൽ.പി. സ്കൂൾ കുട്ടികൾക്ക് പാകം ചെയ്ത ഭക്ഷണം, എല്ലാ അനാഥർക്കും ഒരു നേരം സൗജന്യ ഭക്ഷണം, വീടില്ലാത്ത എല്ലാപേർക്കും ദിവസം ഒരു നേരം സൗജന്യ ഭക്ഷണം, പ്രകൃതിക്ഷോഭ ദുരിതം അനുഭവിക്കുന്നവർക്ക് രണ്ട് നേരം സൗജന്യ ഭക്ഷണം, പട്ടിണി കിടക്കുന്നവർക്ക് ദിവസം രണ്ട് നേരം സൗജന്യ ഭക്ഷണം, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സൗജന്യ ഭക്ഷണം, പ്രസവിച്ച് ആറു മാസംവരെ സൗജന്യ ഭക്ഷണം, ഗർഭിണികളായ യുവതികൾക്ക് 1,000 രൂപ വീതം ആറുമാസം എന്നിവ പ്രസ്തുത നിയമത്തിന്റെ താഴെത്തട്ടിലുള്ള നേട്ടങ്ങളാണ്.

51. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാകുന്നതോടെ പൊതുവിതരണ സംവിധാനത്തിന് പുത്തൻ ഉണർവ് ഉണ്ടാകും. റേഷൻ കാർഡ് കുടുംബനാഥയുടെ പേരിലാകുന്നതോടെ കുടുംബത്തിൽ വീട്ടമ്മയ്ക്കുള്ള പ്രാധാന്യം വർദ്ധിക്കും. കൂടാതെ ഗുണഭോക്താവ് വന്ന് റേഷൻ വാങ്ങുകയും റേഷൻ വാങ്ങിയ രസീതുമായി ബാങ്കിൽ എത്തി സബ്സിഡി നേടുകയും ചെയ്യുന്നതിനാൽ പൊതുവിതരണ രംഗത്തെ അഴിമതി കുറയ്ക്കുവാനും കഴിയുന്നു.

52. ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിധിക്കകത്ത് വരുന്നവരെ മുൻഗണനാ പട്ടികയിലുൾപ്പെട്ടവർ (പ്രയോറിറ്റി ഹൗസ് ഹോൾഡേഴ്സ്) എന്ന് പറയുന്നു. ഇത്തരം കുടുംബത്തിലെ ഓരോ അംഗത്തിനും അരി, ഗോതമ്പ്, കുറഞ്ഞ ഇനം ധാന്യം എന്നിവ

യഥാക്രമം മൂന്ന് രൂപ, രണ്ട് രൂപ, ഒരു രൂപ ക്രമത്തിൽ ആകെ അഞ്ചു കിലോ ഭക്ഷ്യധാന്യം വീതം പ്രതിമാസം ലഭിക്കും. രാജ്യത്തെ 68% ജനങ്ങൾ (ഏകദേശം 81 കോടി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നു.

53. കേന്ദ്ര സർക്കാരിന്റെ കണക്ക് പ്രകാരം സംസ്ഥാനത്തെ 333.88 ലക്ഷം ജനങ്ങളിൽ 154.8 ലക്ഷം പേർ പ്രയോറിറ്റി വിഭാഗത്തിലും 179.08 ലക്ഷം പേർ നോൺ പ്രയോറിറ്റി വിഭാഗത്തിലുമാണ്. നിലവിലെ ബി.പി.എൽ., എ.എ.വൈ., എ.പി.എൽ.-ന്റെ നല്ലൊരു ശതമാനവും പ്രയോറിറ്റി വിഭാഗത്തിൽ ഉൾപ്പെടും. പ്രസ്തുത നിയമ പ്രകാരം അന്ത്യോദയ അന്നയോജന ഗുണഭോക്തൃ കുടുംബത്തിന് മുമ്പത്തെ രീതി തുടർന്ന് 35 കിലോഗ്രാം അരി ലഭിക്കും.

54. ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം വിതരണ രംഗത്തെ പരാതി പരിഹരിക്കുന്നതിനായി ജില്ലാതല പരിഹാര സെല്ലും അതിന് മുകളിൽ സംസ്ഥാന ഫുഡ് കമ്മീഷനും പ്രവർത്തിക്കും. ഭക്ഷ്യധാന്യ വിതരണവുമായി ബന്ധപ്പെട്ട ഏത് റെക്കോർഡും പൊതുജന പരിശോധനയ്ക്ക് ലഭ്യമാകും. സോഷ്യൽ ഓഡിറ്റിംഗ്, ഭക്ഷ്യധാന്യ വിതരണ പദ്ധതിയുടെ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണം, സംസ്ഥാന-ജില്ല-ബ്ലോക്ക്-ന്യായവില ഷോപ്പ് തലങ്ങളിൽ തർക്കപരിഹാര വിജിലൻസ് കമ്മിറ്റികൾ എന്നിവ നിയമത്തിന്റെ പ്രത്യേകതകളാണ്. എഫ്.സി.ഐ. ഗോഡൗണിൽ നിന്നും ധാന്യം കടന്നു പോകുന്ന വഴികളെല്ലാം കമ്പ്യൂട്ടർ നിരീക്ഷണത്തിലാകുന്നതിനാൽ റേഷൻ കടക്കാർ, മൊത്ത വിതരണക്കാർ എന്നിവർ വഴിയുള്ള റേഷൻ ചോർച്ചയ്ക്ക് തടയിടാൻ കഴിയും.

55. ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് കേരളത്തിലെ 3.33 കോടി ജനസംഖ്യയിൽ 1.54 കോടി ആൾക്കാർ ഭക്ഷ്യസുരക്ഷാ നിയമ പരിധിയിൽ ഉൾപ്പെടും. എന്നാൽ ശേഷിക്കുന്ന 1.79 കോടി ജനങ്ങൾക്കുള്ള ഭക്ഷ്യധാന്യം സംസ്ഥാനം കണ്ടെത്തണം. ഇപ്പോൾ കേന്ദ്രത്തിൽ നിന്ന് കേരളത്തിലേക്ക് വർഷത്തിൽ 15.69 ടൺ ലക്ഷം അരിയും ഗോതമ്പും ലഭിക്കുന്നു. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതോടെ ഇത് 10.13 ലക്ഷം ടണ്ണായി കുറയും. വ്യത്യാസം വരുന്ന 5.55 ലക്ഷം ടൺ അതായത് 2.46 ലക്ഷം ടൺ അരിയും 3.09 ലക്ഷം ടൺ ഗോതമ്പും സംസ്ഥാനം കണ്ടെത്തേണ്ടിവരും. കേന്ദ്ര നിലപാടനുസരിച്ച് അരിക്ക് കിലോഗ്രാമിന് 17 രൂപയും ഗോതമ്പിന് 13.50 രൂപയും താങ്ങുവിലയ്ക്ക് സംസ്ഥാനത്തിന് ലഭിക്കുമ്പോൾ 836.50 കോടി രൂപയുടെ അധികച്ചെലവ് സംസ്ഥാനത്തിനുണ്ടാകുന്നു. ഈ ധാന്യങ്ങൾ നിലവിലെ സബ്സിഡി നിരക്കിൽ നൽകാൻ 391.13 കോടി രൂപ അധികം വേണ്ടി വരുമെന്ന് കണക്കാക്കുന്നു. അതിനാൽ താങ്ങുവില അടിസ്ഥാനമാക്കിയാണ് കേന്ദ്രം ഭക്ഷ്യധാന്യം അനുവദിക്കുന്നതെങ്കിൽ വർഷം 1200 കോടി രൂപയുടെ അധികബാധ്യത സംസ്ഥാനത്തിന് ഉണ്ടാകും. കൂടാതെ താങ്ങുവില വർഷംതോറും 12% വീതം വർദ്ധിക്കുമെന്നതിനാൽ സംസ്ഥാനത്തിന്റെ ബാധ്യത വർഷം തോറും ഉയരും. സംസ്ഥാനത്തിന്റെ പ്രസ്തുത അധിക ബാധ്യത കുറയ്ക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും എ.പി.എൽ. നിരക്കിൽ അരിയും ഗോതമ്പും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. ഭക്ഷ്യസുരക്ഷയ്ക്കാവശ്യമായ വസ്തുക്കൾ സംഭരിക്കുകയും സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നത് കേന്ദ്രസർക്കാരാണെങ്കിലും പ്രസ്തുത ധാന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെത്തിച്ച് ന്യായവില ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിന്റേതാണ്. സമൂഹത്തിലെ ദുർബല വിഭാഗത്തെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി ന്യായവില ഷോപ്പ് അനുവദിക്കുമ്പോൾ കുടുംബശ്രീ പോലുള്ള സ്വയംസഹായ സംഘങ്ങൾക്കും വനിതകൾക്കും വികലാംഗർക്കും മുൻഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. കേന്ദ്ര സർക്കാരിന്റെ കണക്കനുസരിച്ച് കേരളത്തിലെ ഏകദേശം 67% ആൾക്കാരാണ് ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്. മുൻഗണനാ പട്ടികയിലുൾപ്പെടുന്നവരെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം നിശ്ചയിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുമ്പോൾ ഒരു വിഭാഗം ആൾക്കാർ പുറത്താകുമെന്നതിനാൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി അത്യന്തം ശ്രദ്ധ അത്യാവശ്യമാണ്. ആയതിനാൽ ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം മുൻഗണനാ പട്ടികയിലുൾപ്പെടുന്നവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുമ്പോൾ ജനങ്ങളുടെ ജീവിത നിലവാരം അടിസ്ഥാനമാക്കിയുള്ള ആധുനിക നിർണ്ണയ രീതികൾ അവലംബിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. ഭക്ഷ്യസുരക്ഷാ നിയമപ്രകാരം അരി, ഗോതമ്പ്, കുറഞ്ഞ ഇനം ധാന്യം എന്നിവയാണ് ജനങ്ങൾക്ക് ലഭ്യമാകുന്നത്. എന്നാൽ പോഷകാഹാരക്കുറവ് പരിഹരിക്കാൻ ഇവ പര്യാപ്തമല്ല. ആയതിനാൽ പഞ്ചസാര, പയറുവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ എന്നിവയെക്കൂടി സംസ്ഥാന ഭക്ഷ്യസുരക്ഷാ നിയമ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വരുമ്പോൾ എ.എ.വൈ. വിഭാഗങ്ങൾക്ക് മുമ്പുള്ള രീതി തുടരുമെന്നാണ് ഭക്ഷ്യസുരക്ഷാ നിയമത്തിൽ വ്യക്തമാക്കുന്നത്. അതിൻ പ്രകാരം 35 കിലോഗ്രാം അരി മാത്രമാണ് പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കുന്നത്. ആയതിനാൽ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നിലവിൽ വരുമ്പോൾ എ.എ.വൈ. പദ്ധതിയിലെ അംഗങ്ങൾക്ക് ഗോതമ്പ്, മറ്റു ധാന്യങ്ങൾ എന്നിവ കൂടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. സംസ്ഥാനത്തെ ഹോട്ടലുകളിൽ ഒരേയിനം ഭക്ഷണം വ്യത്യസ്ത വിലകളിലാണ് വിൽക്കുന്നത്. ഇത് സാധാരണ ജനങ്ങളുടെ ജീവിതച്ചെലവ് ഉയരുന്നതിന് കാരണമാകുന്നു. ആയതിനാൽ ഹോട്ടലുകളുടെ പദവി അനുസരിച്ച് ഭക്ഷണ വില ഏകീകരിക്കണമെന്നും ഹോട്ടലുകളിൽ വില്പന വില പ്രദർശിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

61. സംസ്ഥാനമൊട്ടാകെ കൂണുകൾ പോലെ ഹോട്ടലുകൾ ഉയർന്നുവരുന്നതോടൊപ്പം ഹോട്ടലുകളിലെ ഭക്ഷണ നിലവാരം സംബന്ധിച്ച പരാതികളും വ്യാപകമാകുന്നു. ആയതിനാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അംഗീകാരമുള്ള ഹോട്ടലുകൾക്ക് മാത്രം പ്രവർത്തനാനുമതി നൽകണമെന്നും എല്ലാ ഹോട്ടലുകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ ഇടവിട്ടുള്ള പരിശോധന നിർബന്ധമാക്കണമെന്നും ഭക്ഷണത്തിലെ മായവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി നിയമസഭാ മണ്ഡലങ്ങൾതോറും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

62. ഇടയ്ക്കിടെയുണ്ടാകുന്ന പാചകവാതക ക്ഷാമം ജനജീവിതം ദുസ്സഹമാക്കുന്നു. പാചക വാതക പ്ലാന്റുകളിലെ തൊഴിലാളി സമരങ്ങളും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ നയങ്ങളിലെ അവ്യക്തതയും ഇതിനു കാരണമാകുന്നു. ആയതിനാൽ പാചകവാതക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ജില്ലാതലങ്ങളിൽ ക്യാമ്പ് സിറ്റിംഗ് നടത്തണമെന്നും പാചക വാതക വിതരണം അവശ്യ സർവ്വീസായി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

63. പൗരന് ജീവിക്കാനുള്ള അവകാശം നമ്മുടെ ഭരണഘടന ഉറപ്പ് നൽകുന്നു. ജീവിക്കാനുള്ള അവകാശം എന്നാൽ ആരോഗ്യത്തോടെ ജീവിക്കാനുള്ള അവകാശം എന്നാണ് അർത്ഥമാക്കുന്നത്. ആരോഗ്യകരമായ ജീവിതത്തിൽ പോഷകപ്രദമായ ഭക്ഷണം അവശ്യഘടകമാണ്. പ്രസ്തുത പോഷകപ്രദമായ ഭക്ഷണം പൗരന് ലഭ്യമാക്കേണ്ടത് സർക്കാരിന്റെ കടമയുമാണ്. പ്രസ്തുത കടമ വിജയകരമായി നിർവ്വഹിക്കുന്ന ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് പുരോഗമനാത്മകമായ പ്രവൃത്തികളിലൂടെ ഇനിയും മുന്നോട്ട് പോകും എന്ന് സമിതി പ്രത്യാശിക്കുന്നു.

## സമിതിയുടെ പ്രധാനപ്പെട്ട ശിപാർശകൾ

1. എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കുക.

2. വിലവിവരപ്പട്ടിക, സ്റ്റോക്ക് വിവരം സൂചിപ്പിക്കുന്ന ബോർഡ്, വിതരണം ചെയ്യുന്ന സാധനങ്ങളുടെ സാമ്പിൾ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം, ലൈറ്റ്, ഫാൻ, ഷെൽഫ് എന്നിവ എല്ലാ റേഷൻ കടകളിലും ലഭ്യമാക്കുക.

3. ബയോമെട്രിക് സംവിധാനം എല്ലാ റേഷൻ കടകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

4. റേഷൻ കടകളിലെത്തുന്ന ഭക്ഷ്യ ധാന്യങ്ങൾ യഥാസമയം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

5. റേഷൻ ചില്ലറ വ്യാപാരികളുടെയും മൊത്ത വ്യാപാരികളുടെയും കമ്മീഷൻ കാലോചിതമായി വർദ്ധിപ്പിക്കുക, കമ്മീഷൻ ഇനത്തിൽ വ്യാപാരികൾക്ക് നൽകാനുള്ള കുടിശ്ശിക നൽകുന്നതിനായി ബജറ്റ് വിഹിതം വർദ്ധിപ്പിക്കുക.

6. അന്നപൂർണ്ണ പദ്ധതിയിലെ വയസ്സ് നിബന്ധന 60 ആയി കുറയ്ക്കുകയും മാരക രോഗങ്ങൾ ബാധിച്ചവരെക്കൂടി പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുകയും ചെയ്യുക.

7. സർക്കാർ സ്ഥാപനങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ, മറ്റു പൊതുസ്ഥലങ്ങൾ എന്നിവയുടെ മുന്നിൽ ഉപഭോക്തൃ അവകാശങ്ങൾ വ്യക്തമാക്കുന്ന പരസ്യഫലകങ്ങൾ സ്ഥാപിക്കുക, ഉപഭോക്തൃ അവകാശം വ്യക്തമാക്കുന്ന പുസ്തകങ്ങളും ലഘുലേഖകളും പഞ്ചായത്തുതലം മുതൽ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

8. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെത്തുന്ന കേസുകൾ സ്പീഡ് ട്രാക്ക് സംവിധാനത്തിൽ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

9. പ്രത്യേക മാനദണ്ഡം രൂപീകരിച്ച് ഒരു മണ്ഡലത്തിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോർ വീതം പ്രത്യേകിച്ച് ആശുപത്രി പരിസരങ്ങളിൽ സ്ഥാപിക്കുക.

10. ജില്ലകൾതോറും മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുക.

11. ടൗണുകൾതോറും ന്യായവില സപ്ലൈകോ ഹോട്ടലുകൾ ആരംഭിക്കുക.

12. സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ/ഏജൻസികൾ ഭക്ഷ്യസുരക്ഷാ മാനദണ്ഡ പ്രകാരം പ്രവർത്തിക്കുന്നവയാണെന്ന് ഉറപ്പുവരുത്തുക, സാധനങ്ങൾ സ്വീകരിക്കുന്ന സമയത്ത് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന നടത്തുക, നിശ്ചിത ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തി ഒഴിവാക്കുക, ജൈവ കൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങൾ സപ്ലൈകോവഴി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

13. സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു കഴിഞ്ഞാൽ കാലതാമസമില്ലാതെ നെല്ലിന്റെ വില നൽകാനുള്ള നടപടി സ്വീകരിക്കുക.

14. ഗോഡൗൺ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് ഭൂമി കണ്ടെത്തുകയും പ്രസ്തുത സ്ഥലം ഏറ്റെടുത്ത് എത്രയും വേഗം ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, എല്ലാ ജില്ലകളിലും സൗകര്യപ്രദമായ സ്ഥലങ്ങളിൽ 10000 ടൺ വരെ സംഭരണശേഷിയുള്ള ആധുനിക ഗോഡൗൺ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുക.

15. കൃത്യമായ രാസപരിശോധന നടത്തിയതിനുശേഷം മാത്രം ഗോഡൗണുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനായി നൽകുകയും ഇക്കാര്യം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി ഗുണനിലവാരമുള്ള ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

16. മത്സ്യബന്ധന മേഖലയ്ക്ക് ആവശ്യമായ മണ്ണെണ്ണ പ്രത്യേകമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

17. വിതരണത്തിനായി സപ്ലൈകോ സ്വീകരിക്കുന്ന ഉത്പന്നങ്ങളുടെ അളവും ഗുണമേന്മയും ഉത്പന്നങ്ങൾ സ്വീകരിക്കുന്ന സമയത്തും വിതരണം ചെയ്യുന്ന സമയത്തും

ഉറപ്പുവരുത്തുക, ഇ-ടെണ്ടർ നടപടികൾ സുതാര്യമാക്കുക, ക്രമക്കേടിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ ടെണ്ടറിൽ നിന്നും ഒഴിവാക്കുക, ക്രമക്കേടുകളിൽ പങ്കാളികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുക.

18. റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കാൻ പഞ്ചായത്തിൽ സ്ഥിരം സംവിധാനം നടപ്പിലാക്കുക, വകുപ്പിന്റെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുക, റേഷൻ കടകൾ റാൻഡമായി പരിശോധനയ്ക്ക് വിധേയമാക്കുക, കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുക.

19. എ.പി.എൽ. കാർഡുള്ള ബി.പി.എൽ. കുടുംബങ്ങളെ സമയബന്ധിതമായി ബി.പി.എൽ. പട്ടികയിലുൾപ്പെടുത്തി അർഹമായ ആനുകൂല്യങ്ങൾ നൽകുക, അട്ടപ്പാടിയിലെയും തീരദേശമേഖലയിലെയും റേഷൻ കടകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ പരിശോധന സ്പെഷ്യൽ ഡ്രൈവ് ആയി നടത്തുക.

20. സി.എഫ്.ആർ.ഡി.യുടെ കീഴിലുള്ള ഭക്ഷ്യ പാർക്ക്, മിനി ഫുഡ് ഇൻക്യുബേഷൻ സെന്റർ, ഔഷധ ഗുണപരിശോധനാ ലാബ്, വെജിറ്റബിൾ/ഫ്രൂട്ട്സ് ഡീ ഹൈഡ്രേറ്റിംഗ് യൂണിറ്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

21. മാർക്കറ്റ് ഇടപെടൽ ഇനത്തിൽ ബജറ്റിൽ അധിക തുക വകയിരുത്തുക, മാർക്കറ്റ് ഇടപെടലുമായി ബന്ധപ്പെട്ട സബ്സിഡിയിനത്തിൽ സർക്കാരിൽ നിന്നും കോർപ്പറേഷന് ലഭിക്കാനുള്ള തുക എത്രയും വേഗം നൽകാനുള്ള നടപടി സ്വീകരിക്കുക.

22. ഹോട്ടലുകളുടെ പദവി അനുസരിച്ച് ഭക്ഷണ വില ഏകീകരിക്കുക, ഹോട്ടലുകളിൽ വിൽപ്പനവില പ്രദർശിപ്പിക്കുക.

23. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അംഗീകാരമുള്ള ഹോട്ടലുകൾക്ക് മാത്രം പ്രവർത്തനാനുമതി നൽകുക, എല്ലാ ഹോട്ടലുകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ ഇടവിട്ടുള്ള പരിശോധന നിർബന്ധമാക്കുക, ഭക്ഷണത്തിലെ മായവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി നിയമസഭാ മണ്ഡലങ്ങൾതോറും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ ആരംഭിക്കുക.

24. പാചകവാതക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ജില്ലാ തലങ്ങളിൽ ക്യാമ്പ് സിറ്റിംഗ് നടത്തുക, പാചകവാതക വിതരണം അവശ്യ സർവ്വീസായി പരിഗണിക്കുക.

25. ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ, കേന്ദ്ര വിഹിതം കഴിഞ്ഞ് സംസ്ഥാനത്തിന് അധികമായി ആവശ്യമുള്ള അരിയും ഗോതമ്പും എ.പി.എൽ. നിരക്കിൽ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

26. ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം ന്യായവില ഷോപ്പുകൾ അനുവദിക്കുമ്പോൾ കുടുംബശ്രീ പോലുള്ള സ്വയംസഹായ സംഘങ്ങൾക്കും വനിതകൾക്കും വികലാംഗർക്കും മുൻഗണന നൽകുക.

27. ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം, മുൻഗണനാ പട്ടികയിലുൾപ്പെടുന്നവരെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം രൂപീകരിക്കുമ്പോൾ ജനങ്ങളുടെ ജീവിത നിലവാരം അടിസ്ഥാനമാക്കിയുള്ള ആധുനിക നിർണ്ണയ രീതികൾ അവലംബിക്കുക.

28. പഞ്ചസാര, പയറുവർഗ്ഗങ്ങൾ, ഭക്ഷ്യഎണ്ണ എന്നിവയെക്കൂടി സംസ്ഥാന ഭക്ഷ്യസുരക്ഷാ നിയമ പരിധിയിൽ ഉൾപ്പെടുത്തുക.

29. ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നിലവിൽ വരുമ്പോൾ എ.എ.വൈ. പദ്ധതിയിലെ അംഗങ്ങൾക്ക് ഗോതമ്പ്, മറ്റു ധാന്യങ്ങൾ എന്നിവ കൂടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*

*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജൂലൈ 15.

*1126/2014.*

## അനുബന്ധം - I

### ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ജീവനക്കാരുടെ ലിസ്റ്റ്

| No. | Category | Department | CDRC/CDRF | KSCSC | KRWF | Total |
|---|---|---|---|---|---|---|
| 1 | CR | 1 | | 1 | | 2 |
| 2 | DYCR/VO | 3 | | | 1 | 4 |
| 3 | DSO/AS/AO | 18 | | 6 | | 24 |
| 4 | TSO/SS | 92 | 15 | 73 | 1 | 181 |
| 5 | ATSO/JS | 118 | | 87 | | 205 |
| 6 | RI/HA/HC | 347 | | 403 | | 750 |
| 7 | UDC | 304 | 27 | 305 | | 636 |
| 8 | LDC | 304 | 27 | 400 | | 731 |
| 9 | CA | 21 | 31 | 8 | | 60 |
| 10 | FCS | 1 | | | | 1 |
| 11 | TYPIST | 95 | 1 | 8 | | 104 |
| 12 | ATTENDER | 15 | | | | 15 |
| 13 | DRIVER | 90 | 1 | | 1 | 92 |
| 14 | PEON | 185 | 31 | | 1 | 217 |
| | Total | 1594 | 133 | 1291 | 4 | 3022 |

## അനുബന്ധം II

## ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പ്രവർത്തനച്ചെലവുകൾക്കായി 2014-15 സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിശദാംശം

| ശീർഷകം | പദ്ധതി (രൂപ) | പദ്ധതിയേതരം (രൂപ) |
|---|---|---|
| 2408-01-004-99-കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് | 5,00,00,000 | -- |
| 2408-01-101-98-റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കിക്കൊടുക്കൽ-33-സബ്സിഡികൾ | -- | 6,00,00,00,000 |
| 2408-01-101-96-കേരളസംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-33-സബ്സിഡികൾ | -- | 1,80,00,00,000 |
| 2408-01-101-95-അന്ത്യോദയ അന്ന യോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും, മറ്റ് ചെലവുകളും-34-മറ്റ് ചെലവുകൾ | -- | 10,00,00,000 |
| 2408-01-102-99-കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലേയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്-33-സബ്സിഡികൾ | -- | 65,00,00,000 |
| 2408-01-102-98-വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണസുരക്ഷാപദ്ധതി | 3,54,00,000 | -- |
| 2408-01-800-99-ഉപഭോക്തൃസംരക്ഷണസമിതി രൂപീകരിക്കൽ | -- | 9,04,35,000 |
| 2408-01-800-98-ഉപഭോക്തൃദിനാഘോഷം | -- | 3,00,000 |
| ആകെ 2408 (I) | 8,54,00,000 | 8,64,07,35,000 |
| 3456-00-001-99-കമ്മീഷണറേറ്റ് ഓഫ് സിവിൽ സപ്ലൈസ് വകുപ്പ് | -- | 6,39,56,000 |
| 3456-00-001-98-മേൽനോട്ടം, റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളർ ഓഫീസ് | -- | 83,15,000 |
| 3456-00-001-97-ജില്ലാ ഓഫീസുകൾ | -- | 10,28,14,000 |

| ശീർഷകം | പദ്ധതി (രൂപ) | പദ്ധതിയേതരം (രൂപ) |
|---|---|---|
| 3456-00-001-96-പൊതുവിതരണസമ്പ്രദായം സംബന്ധിച്ച പരിശീലനപരിപാടി | 10,00,000 | — |
| 3456-00-001-89-ഭക്ഷ്യോപദേശകസമിതി-34-മറ്റ് ചെലവുകൾ | — | 5,00,000 |
| 3456-00-001-86-കമ്പ്യൂട്ടർവത്കരണവും പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും | 20,00,00,000 | — |
| 3456-00-104-99-കേരള ഉപഭോക്തൃക്ഷേമനിധിയിൽനിന്നുള്ള ഉപഭോക്തൃക്ഷേമപരിപാടികൾക്കുള്ള ചെലവുകൾ | — | 15,00,000 |
| 3456-00-797-കേരള ഉപഭോക്തൃക്ഷേമനിധി | 10,00,000 | — |
| ആകെ 3456 (II) | 20,20,00,000 | 17,70,85,000 |
| 4408-01-001-99-ധാന്യവിതരണപദ്ധതി | — | 43,47,61,000 |
| 4408-01-001-95-റേഷൻ കാർഡ് പുതുക്കൽ | — | 50,00,000 |
| 4408-01-001-94-റേഷൻ സാധനങ്ങളുടെ കേന്ദ്രവില്പനവില പുതുക്കുമ്പോൾ സ്റ്റോക്കിലുണ്ടായിരുന്ന റേഷൻ സാധനങ്ങളുടെ വിലവ്യത്യാസം നൽകൽ | — | 1,000 |
| ആകെ 4408 (III) | — | 43,97,62,000 |
| ആകെ (I+II+III) | 28,74,00,000 | 9,25,75,82,000 |

പദ്ധതിയിനത്തിൽ 28,74,00,000/- രൂപയും, പദ്ധതിയേതരയിനത്തിൽ 9,25,75,82,000/- രൂപയും 2014-2015-ലേയ്ക്ക് വകകൊള്ളിച്ചിരിക്കുന്നു. ആകെ ബഡ്ജറ്റ് വിഹിതം 9,54,49,82,000/- രൂപയാണ്. പദ്ധതിയിനത്തിൽ വകകൊള്ളിച്ച 28,74,00,000/- രൂപയിൽ 2,80,00,000/- രൂപ 100% കേന്ദ്രവിഹിതമാണ്.

## കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷങ്ങളിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന് അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ

### I. പദ്ധതിയേതരപ്രവർത്തനങ്ങൾ

| ക്രമനം. | ശീർഷകവും പദ്ധതിയുടെ പേരും | വർഷം | വകയിരുത്തിയ തുക (രൂപ) (ആയിരത്തിൽ) | ചെലവ് (രൂപ) (ആയിരങ്ങളിൽ) |
|---|---|---|---|---|
| 1. | 2408-01-101-98-റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിളവുമായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കികൊടുക്കൽ-33-സബ്സിഡികൾ | 2011-12 | 65,00,000 | 65,00,000 |
| | | 2012-13 | 64,00,000 | 64,00,000 |
| | | 2013-14 | 60,00,000 | 58,81,579 (31.01.14 വരെ) |
| 2. | 2408-01-101-96-കേരളസംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-33-സബ്സിഡികൾ | 2012-13 | 12,00,000 | 12,00,000 |
| | | 2013-14 | 18,00,000 | 15,07,539 (31.01.14 വരെ) |
| 3. | 2408-01-101-95-അന്ത്യോദയ അന്ന യോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും, മറ്റു ചെലവുകളും-34-മറ്റു ചെലവുകൾ | 2011-12 | 1,00,000 | 1,00,000 |
| | | 2012-13 | 1,59,658 | 1,59,658 |
| | | 2013-14 | 1,50,000 | 1,50,000 |
| 4. | 2408-01-102-99-കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലേയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്-33-സബ്സിഡികൾ | 2011-12 | 5,00,000 | 5,00,000 |
| | | 2012-13 | 13,50,000 | 13,50,000 |
| | | 2013-14 | 11,60,210 | 11,60,210 |
| 5. | 2408-01-800-99-ഉപഭോക്തൃസംരക്ഷണസമിതി രൂപീകരിക്കൽ | 2011-12 | 66,430 | 65,150 |
| | | 2012-13 | 66,478 | 66,030 |
| | | 2013-14 | 78,064 | 71,956 (31.01.14 വരെ) |

| ക്രമനം | ശീർഷകവും പദ്ധതിയുടെ പേരും | വർഷം | വകയിരുത്തിയ തുക (രൂപ) (ആയിരത്തിൽ) | ചെലവ് (രൂപ) (ആയിരത്തിൽ) |
|---|---|---|---|---|
| 6. | 2408-01-800-98-ഉപഭോക്തൃദിനാഘോഷം | 2011-12 | 300 | 285 |
| | | 2012-13 | 300 | 300 |
| | | 2013-14 | 300 | 224 (31.01.14 വരെ) |
| 7. | 3456-00-001-99-കമ്മീഷണറേറ്റ് ഓഫ് സിവിൽ സപ്ലൈസ് | 2011-12 | 46,583 | 46,223 |
| | | 2012-13 | 48,884 | 48,161 |
| | | 2013-14 | 56,123 | 34,850 (31.01.14 വരെ) |
| 8. | 3456-00-001-98-മേൽനോട്ടം, റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളർ ഓഫീസ് | 2011-12 | 6,761 | 6,502 |
| | | 2012-13 | 6,226 | 5,958 |
| | | 2013-14 | 7,086 | 6,083 (31.01.14 വരെ) |
| 9. | 3456-00-001-97-ജില്ലാ ഓഫീസുകൾ | 2011-12 | 83,959 | 83,560 |
| | | 2012-13 | 74,848 | 73,992 |
| | | 2013-14 | 88,041 | 59,200 (31.01.14 വരെ) |
| 10. | 3456-00-001-89-ഫുഡ് അഡ്വൈസറി കമ്മിറ്റി-34-മറ്റു ചെലവുകൾ | 2011-12 | 180 | ഇല്ല |
| | | 2012-13 | 500 | ഇല്ല |
| | | 2013-14. | 500 | 129.067 (31.01.14 വരെ) |
| 11. | 3456-00-104-99-കേരള ഉപഭോക്തൃക്ഷേമനിധിയിൽനിന്നുള്ള ഉപഭോക്തൃക്ഷേമപരിപാടികൾക്കുള്ള ചെലവുകൾ | 2011-12 | 1,500 | 718 |
| | | 2012-13 | 1,500 | 1,487 |
| | | 2013-14 | 1,500 | 106 (31.01.14 വരെ) |
| 12. | 4408-01-001-99-ധാന്യവിതരണപദ്ധതി | 2011-12 | 3,26,196 | 3,09,814 |
| | | 2012-13 | 3,25,937 | 3,23,171 |
| | | 2013-14 | 3,71,703 | 2,71,562 (31.01.14 വരെ) |

| ക്രമനം. | ശീർഷകവും പദ്ധതിയുടെ പേരും | വർഷം | വകയിരുത്തിയ തുക (രൂപ) (ആയിരത്തിൽ) | ചെലവ് (രൂപ) (ആയിരത്തിൽ) |
|---|---|---|---|---|
| 13. | 4408-01-001-95-റേഷൻ കാർഡ് പുതുക്കൽ | 2011-12 | 11,718 | 11,718 |
| | | 2012-13 | 20,054 | 20,054 |
| | | 2013-14 | 5,000 | 5,000 |
| 14. | 4408-01-001-94-റേഷൻ സാധനങ്ങളുടെ കേന്ദ്രവിലനിലവില പുതുക്കുമ്പോൾ സ്റ്റോക്കിലുണ്ടായിരുന്ന റേഷൻ സാധനങ്ങളുടെ വിലവ്യത്യാസം നൽകൽ | 2011-12 | 1 | ഇല്ല |
| | | 2012-13 | 1 | ഇല്ല |
| | | 2013-14 | 1 | ഇല്ല |

## II. പദ്ധതിപ്രവർത്തനങ്ങൾ

| ക്രമനം. | ശീർഷകവും പദ്ധതിയുടെ പേരും | വർഷം | വകയിരുത്തിയ തുക (രൂപ) (ആയിരത്തിൽ) | ചെലവ് (രൂപ) (ആയിരത്തിൽ) |
|---|---|---|---|---|
| 1. | 2408-01-004-99-കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് | 2011-12 | 11,000 | 11,000 |
| | | 2012-13 | 15,000 | 15,000 |
| | | 2013-14 | 40,000 | 0 (31.01.14 വരെ) |
| 2. | 2408-01-102-98-വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണസുരക്ഷാപദ്ധതി | 2011-12 | 33,400 | 9,912 |
| | | 2012-13 | 334 | 17,556 |
| | | 2013-14 | 354 | 16,702 (31.01.14 വരെ) |
| 3. | 3456-00-001-96-പൊതുവിതരണസമ്പ്രദായം സംബന്ധിച്ച പരിശീലനപരിപാടി | 2011-12 | 600 | 592 |
| | | 2012-13 | 1,000 | 992 |
| | | 2013-14 | 1,000 | 1,000 |

| ക്രമനം. | ശീർഷകവും പദ്ധതിയുടെ പേരും | വർഷം | വകയിരുത്തിയ തുക (രൂപ) (ആയിരത്തിൽ) | ചെലവ് (രൂപ) (ആയിരത്തിൽ) |
|---|---|---|---|---|
| 4. | 3456-00-001-86-കമ്പ്യൂട്ടർവത്ക്കരണവും പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും | 2011-12 | 20 | 20 |
| | | 2012-13 | 100 | 100 |
| | | 2013-14 | 2,000 | 2,301 (31.01.14 വരെ) |
| 5. | 3456-00-797-കേരള ഉപഭോക്തൃക്ഷേമനിധി | 2011-12 | 1,400 | ഇല്ല |
| | | 2012-13 | ഇല്ല | ഇല്ല |
| | | 2013-14 | ഇല്ല | ഇല്ല |